# കേരള സർവകലാശാല

നം. പി.ആർ.215/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്
## ഒന്നാം വർഷ ബിരുദ പ്രവേശനം – 2017
## സ്പോട്ട് അഡ്മിഷൻ
## 2017 ഒക്ടോബർ 09–ന് കോളേജ് തലത്തിൽ

കേരള സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ., എയ്ഡഡ്, സ്വാശ്രയ കോളേജുകൾ, യു.ഐ.ടി.കൾ, ഐ.എച്ച്.ആർ.ഡി.കോളേജുകൾ എന്നിവിടങ്ങളിലെ 2017–18–ലെ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഒക്ടോബർ 9–ാം തീയതി അതത് കോളേജുകളിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തും. രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 11 മണി വരെ ഹാജരാകുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളൂ. നിശ്ചിതസമയത്തിനകം ഹാജരാകുന്ന വിദ്യാർത്ഥികളുടെ റാങ്ക് പട്ടിക തയ്യാറാക്കി ഉച്ചയ്ക്ക് 12 മുതൽ പ്രവേശനം നടത്തുന്നതാണ്. വിദ്യാർത്ഥികൾക്ക് നേരിട്ടോ ചുമതലപ്പെട്ട വ്യക്തി (നോമിനി) മുഖേനയോ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.

ആവശ്യമായ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും (ടി.സി. ഉൾപ്പടെ) കൈവശമുള്ളവരെ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ. സംവരണ സീറ്റുകളിൽ പരിഗണിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ നോൺ–ക്രീമിലെയർ/ ജാതി തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്. അസൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്ത പക്ഷം അവരെ സംവരണ സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നതല്ല. സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ അധിക സമയം അനുവദിയ്ക്കുന്നതല്ല.

ഓൺലൈൻ അപേക്ഷയിൽ ഗവ., എയ്ഡഡ് കോളേജുകളിലെ കോഴ്സുകൾ ഓപ്ഷനായി നൽകിയിട്ടുള്ള വിദ്യാർത്ഥികളെ മാത്രമേ സ്പോട്ട് അഡ്മിഷനുവേണ്ടി അതത് കോളേജുകളിൽ പരിഗണിക്കുകയുള്ളൂ. എന്നാൽ യു.ഐ.ടി.കളിലും സ്വാശ്രയ കോളേജുകളിലും ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരെ പരിഗണിച്ച ശേഷം വരുന്ന ഒഴിവുകളിലേയ്ക്ക് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാത്തവരേയും ഓൺലൈൻ അപേക്ഷയിൽ ഓപ്ഷൻ നൽകാത്തവരേയും മാനേജ്മെന്റ് ക്വാട്ടയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവരേയും പരിഗണിക്കുന്നതാണ്.

എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 840/– രൂപയും ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1525/– രൂപയുമാണ് സർവകലാശാല പ്രവേശന ഫീസ്. പ്രവേശനം ലഭിച്ചാൽ ഉടൻ തന്നെ ഈ ഫീസ് ഒടുക്കേണ്ടതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളുടേയും കൈവശം ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. പ്രിന്റൗട്ട് ഹാജരാക്കാത്ത ആരേയും പ്രവേശനത്തിന് പരിഗണിക്കുന്നതല്ല.

സ്പോട്ട് അഡ്മിഷനിൽ പരിഗണിക്കുന്ന ഒഴിവുകളുടെ വിവരം സർവകലാശാല അഡ്മിഷൻ പോർട്ടലിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും. ഒഴിവുകളുടെ

വിശദാംശങ്ങൾ പരിശോധിച്ച ശേഷം മാത്രം അതത് കോളേജുകളിൽ ഹാജരാകേണ്ടതാണ്.

## ബി.ടെക് – സൂക്ഷ്മപരിശോധന

കേരള സർവ്വകലാശാല സെപ്റ്റംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ ബി. ടെക് (പാർട്ട് ടൈം റീ-സ്ട്രക്ചേർഡ്-2010 സ്കീം) പരീക്ഷയുടെ സൂക്ഷ്മ പരി ശോധനയ്ക്ക് വേണ്ടി ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥി കൾ സൂക്ഷ്മ പരിശോധനയ്ക്കായി ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീ വാല്യുവേഷൻ സെക്ഷനിൽ ഒക്ടോബർ ആറ് മുതൽ 13 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ വൈകുന്നേരം മൂന്ന് മണിക്കും അഞ്ച് മണിക്കും ഇടയ്ക്കുള്ള സമയത്ത് ഹാജരാകേണ്ടതാണ്.

## പരീക്ഷാ ഫലം

കേരള സർവ്വകലാശാല 2016 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ (കരി യർ റിലേറ്റഡ്) പ്രെയർ ടു 2013 അഡ്മിഷൻ സപ്ലിമെന്ററി ബി.എസ്.സി ബോട്ടണി ആന്റ് ബയോടെക്നോളജി, ബി.എസ്.സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി, ബി.കോം ടാക്സ് പ്രൊസീജിയർ ആന്റ് പ്രാക്ടീസ് പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ www.keralauniversity.ac.in ലഭ്യമാ ണ്. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2017 ഒക്ടോബർ 31 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

തിരുവനന്തപുരം.
05.10.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098